## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6486 09.07.2014-ൽ മറുപടിയ്ക്ക്

# കിനാലൂരിൽ 110 കെ. വി. സബ്സ്റ്റേഷൻ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) കിനാലൂർ കെ.എസ്.ഐ.ഡി.സി.യിൽ സ്വന്തമായി രണ്ട് ഏക്കർ സ്ഥലമുണ്ടായിട്ടും ഇതുവരെ കെ.എസ്.ഇ.ബി. സബ്സ്റ്റേഷന്റെപണി തുടങ്ങാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | കിനാലൂർ 2X12.5 MVA ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് ഒരു 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുവാൻ 11.07.2012-ൽ കെ.എസ്.ഇ.ബി. ലിമിറ്റഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ കെ.എസ്.ഐ.ഡി.സി യുടെ 2 ഏക്കർ സ്ഥലം സബ്സ്റ്റേഷൻ നിർമ്മാണത്തിന് സൗജന്യമായി നൽകുകയും കെ.എസ്.ഐ.ഡി.സിയുടെ വ്യവസായിക വളർച്ചാ കേന്ദ്രത്തിന്റെ വൈദ്യുതി ആവശ്യകതയ്ക്കായി 10 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന്റെ ചെലവ് കെ.എസ്.ഐ.ഡി.സി വഹിക്കണം എന്നുമായിരുന്നു വ്യവസ്ഥകൾ. എന്നാൽ ഈ വ്യവസ്ഥ കെ.എസ്.ഐ.ഡി.സിയ്ക്ക് സ്വീകാര്യമല്ലാത്തതിനാൽ പ്രസ്തുത പ്രപ്പോസൽ പുന:പരിശോധിച്ചു. കെ.എസ്.ഐ.ഡി.സിയുടെ വ്യാവസായിക വളർച്ചാ കേന്ദ്രത്തിന് ആവശ്യമായുള്ള വൈദ്യുതി ലഭ്യമാക്കുന്നതിലേയ്ക്കായി പ്രസ്തുത പ്രദേശത്ത് 9.50 കോടി രൂപ ചെലവിൽ ബോർഡ് ഒരു 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മിക്കുവാനും ഇതിലേയ്ക്കായി 6.26 കോടി രൂപ കെ.എസ്.ഐ.ഡി.സി വഹിക്കുവാനുമായുള്ള പ്രപ്പോസലിന് കെ.എസ്.ഇ.ബി. ലിമിറ്റഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി തുക അടയ്ക്കുകയും സ്ഥലം കൈമാറുകയും ചെയ്യുന്ന മുറയ്ക്ക് അനന്തരനടപടികൾ കൈക്കൊള്ളാവുന്നതാണ്. |
| (ബി) ബാലുശ്ശേരി മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതി പ്രഖ്യാപനം ഉണ്ടായിട്ടും 110 കെ.വി. സബ്സ്റ്റേഷന്റെ പ്രവർത്തനം തുടങ്ങാനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ.